# ക്നാനായ സമുദായത്തിന്റെ പങ്ക് അവിസ്മരണീയം: രമേശ് ചെന്നിത്തല

ചിക്കാഗോ: നോർത്ത് അമേരിക്ക ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറ്റം നടത്തിയ ക്നാനായ സമുദായം തങ്ങളുടെ മലയാളി തനിമയും സമുദായ പാരമ്പര്യങ്ങളും കോട്ടം വരാതെ സംരക്ഷിക്കുന്നതിൽ കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല സംതൃപ്തി രേഖപ്പെടുത്തി. കോട്ടയം അതിരൂപതയും ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവുമായി തനിക്കുള്ള സ്നേഹബന്ധം എന്നും വിലപ്പെട്ടതാണെന്നും രമേശ് ചെന്നിത്തല പറയുകയുണ്ടായി.

ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ഓണാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു കെ.പി.സി.സി. പ്രസിഡന്റ്. യോഗത്തിൽ കെ.സി.എസ്. പ്രസിഡന്റ് ജോർജ് തോട്ടപ്പുറം അദ്ധ്യക്ഷത വഹിച്ചു. ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഓണാഘോഷ പരിപാടികൾ വാഴയിലയിൽ വിളമ്പിയ വിഭവസമൃദ്ധമായ ഓണസദ്യയോടെയാണ് ആരംഭിച്ചത്. പോഷക സംഘടനകളുടെ നേതൃത്വത്തിൽ അത്തപ്പൂവിടിൽ, തിരുവാതിര, നൃത്തം, ഗാനാലാപം തുടങ്ങിയ വിവിധ പരിപാടികൾ നടത്തപ്പെട്ടു. സജി മാലിത്തുരുത്തേൽ ആലപിച്ച പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച സമ്മേളനത്തിൽ മുൻ മന്ത്രി പന്തളം സുധാകരൻ, ചങ്ങനാശ്ശേരി ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. ജോസി സെബാസ്റ്റ്യൻ, മിഷേൽ മുല്ലപ്പള്ളി എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി ജൂബി വെന്നലശ്ശേരി സ്വാഗതവും ജോ.സെക്രട്ടറി ബാബു തൈപ്പറമ്പിൽ കൃതജ്ഞതയും പറഞ്ഞു. വൈസ് പ്രസിഡന്റ് ജെസ്മോൻ പുറമഠത്തിൽ, ട്രഷറർ ജെസ്റ്റിൻ തെങ്ങനാട്ട് എം.സി.മാരായിരുന്നു. ഓണാഘോഷപരിപാടികളോടൊപ്പം ഗ്രാന്റ് പേരന്റ്സ് ദിനവും നടത്തപ്പെട്ടു. കലാപരിപാടികൾക്ക് ചിന്നു തോട്ടം, ജേക്കബ് പുല്ലാപ്പള്ളി, പ്രതിഭാ തച്ചേട്ട്, രാജേഷ് കിഴക്കേതിൽ, സമയ തേക്കുംകാട്ടിൽ, ആൽഫി വാക്കേൽ, ബാബു മുളയാനിക്കുന്നേൽ, ഹന്നാ കിഴക്കേതിൽ, ജീവൻ, ടെസ്സ കണ്ടാരപ്പള്ളി എന്നിവർ നേതൃത്വം നൽകി.

റിപ്പോർട്ട്: ജൂബി വെന്നലശ്ശേരി

ഫോട്ടോ അടിക്കുറിപ്പ്:

ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ഓണാഘോഷ പരിപാടികൾ കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു. ജെസ്മോൻ പുറമഠത്തിൽ, ജൂബി വെന്നലശ്ശേരി, ജോസ് സെബാസ്റ്റ്യൻ, പന്തളം സുധാകരൻ, ജേക്കബ് പുല്ലാപ്പള്ളി, ജോർജ് തോട്ടപ്പുറം, ചിന്നു തോട്ടം, ബാബു തൈപ്പറമ്പിൽ, ജോസ് ഓലിയാനിക്കൽ, പ്രതിഭാ തച്ചേട്ട്, സമയ തേക്കുംകാട്ടിൽ എന്നിവർ സമീപം.